**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 569** **29.10.2019 ൽ മറുപടിയ്ക്ക്**

**വ്യവസായ സ്ഥാപനങ്ങളുമായി സഹകരണത്തിന് സ്റ്റാർട്ടപ്പുകൾക്ക് അനുമതി**

| ചോദ്യം<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**,, ആർ. രാമചന്ദ്രൻ**<br>**ശ്രീമതി സി.കെ. ആശ** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് സമ്മേളനമായ ഹഡിൽ കേരള 2019 സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) | സാങ്കേതിക സ്റ്റാർട്ടപ്പുകൾ, വ്യവസായികൾ, മെന്റർമാർ, നിക്ഷേപകർ, സംരംഭക ആവാസ വ്യവസ്ഥയിലെ സർക്കാർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവർ എന്നിവരുടെ സമ്മേളന വേദിയാണ് ഹഡിൽ. ഇന്റർനെറ്റ് ആന്റ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ (IAMAI) യുടെ സഹകരണത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷനാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഇതിന്റെ 2-ാമത് സമ്മേളനമായ ഹഡിൽ 2019, സെപ്റ്റംബർ 27, 28 തീയതികളിൽ തിരുവനന്തപുരത്താണ് സംഘടിപ്പിച്ചത്. ദേശീയ അന്തർദേശീയ തലത്തിൽ പ്രശസ്തരായ പ്രാസംഗികരും സാങ്കേതിക വിദഗ്ധരും ദേശീയ തലത്തിൽ പ്രാധാന്യമുള്ള സ്റ്റാർട്ടപ്പുകളും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. രണ്ട് ദിവസമായി നടത്തിയ സമ്മേളനത്തിൽ വിവിധ സമ്മേളനങ്ങൾ, നേതൃത്വ ചർച്ചകൾ, സാങ്കേതിക ചർച്ചകൾ, കടൽത്തീര ഹഡിൽ, നിക്ഷേപകരുമായുള്ള ചർച്ചകൾ സ്റ്റാർട്ടപ്പ് എക്സിബിഷൻ എന്നിവ ഉൾപ്പെടുന്നു. സ്റ്റാർട്ടപ്പുകൾക്ക് വിപണിയുമായും നിക്ഷേപകരുമായും ബന്ധപ്പെടുന്നതിനുമുള്ള അവസരം, ഉൽപ്പന്നങ്ങളുടെ വിലയിരുത്തലും വ്യാപനവും പ്രദർശനവും, നിക്ഷേപകരുമായി നേരിട്ട് സംവദിക്കുന്നതിനുള്ള അവസരം എന്നിവ പങ്കെടുത്ത സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായിട്ടുണ്ട്. ടിറ്റർ ന്റെ |

| | | | |
|---|---|---|---|
| | | | സഹസ്ഥാപകനായ Biz Stone, സീവ് ടെക്നോളജീസ് എന്ന സ്റ്റാർട്ടപ്പിൽ നിക്ഷേപം നടത്തുന്നത് സംബന്ധിച്ച പ്രഖ്യാപനം ഈ പരിപാടിയിൽ വച്ച് നടത്തുകയുണ്ടായി. ഈ പരിപാടിയിൽ പങ്കെടുത്ത 1500 പേരിൽ 900 സ്റ്റാർട്ടപ്പുകളാണ്. ആറ് വ്യവസായ സ്ഥാപനങ്ങൾ സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മത്സരത്തിൽ പങ്കാളിയായി. ഇതു കൂടാതെ, OPPO, Future Group, Wadhwani Foundation, Orbit എന്നീ സ്ഥാപനങ്ങളുമായി വിവിധ തരത്തിലുള്ള സഹകരണത്തിനായി സ്റ്റാർട്ടപ്പ് മിഷൻ ധാരണാ പത്രങ്ങളിലും ഒപ്പുവെച്ചു. |
| (ബി) | പ്രസ്തുത സമ്മേളനത്തിനുശേഷം പ്രമുഖ വ്യവസായ സ്ഥാപനങ്ങളുമായി സഹകരണത്തിൽ ഏർപ്പെടുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് അനുമതി നല്കിയോ ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സമ്മേളനത്തിലൂടെ VKC, Future Group എന്നീ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള അവസരം മൂന്ന് സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുകയുണ്ടായി. |
| (സി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള പുത്തൻ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നല്കുന്നതിന് സമ്മേളനം ഉപകരിച്ചുവോ ; വ്യക്തമാക്കുമോ ? | (സി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളിലെ വ്യാവസായിക പ്രമുഖർ ഈ പരിപാടിയിൽ പങ്കെടുത്തത് സ്റ്റാർട്ടപ്പുകൾക്ക് പ്രസ്തുത നൂതന സാങ്കേതിക വിദ്യകളുമായി പരിചയപ്പെടുന്നതിനും അവ എപ്രകാരം തങ്ങളുടെ സംരംഭകത്തിലൂടെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് മനസ്സിലാക്കാൻ സഹായകമാവുകയും ചെയ്തു. |

Saju

സെക്ഷൻ ഓഫീസർ